अन्ताराष्ट्रीय नारायणीय सम्मेलनं

गुरुवायूर्

**2026 May 23,24**

**MELPUTHUR NAGAR**

**(MUNICIPAL TOWN HALL)**

# International Narayaneeya Conference at Guruvayur


# അന്താരാഷ്ട്ര നാരായണീയ സമ്മേളനം

**2026 മേയ് 23, 24**

**മേൽപ്പുത്തൂർ നഗർ,**

**(മുൻസിപ്പൽ ടൗൺഹാൾ)**

**ഗുരുവായൂർ**





LIVE STREAMING

YouTube Live

NarayaneeyamTV




HARIDASJI INSTITUTE OF NARAYANEEYAM STUDIES & RESEARCH CENTRE (HINSRC)

Krishnamangalam, KMRA - 47

Muttada P.O, Trivandrum -25

hinsrcentre@gmail.com

9349494901

www.hinsrc.com

ഭക്തജനങ്ങളേ,

ലബ്ധ്വാ സുദുർല്ലഭമിദം ബഹു സംഭവാന്തേ
മാനുഷ്യമർത്ഥദമനിത്യമപീഹ ധീരഃ
തൂർണം യതേത ന പതേദനുമൃത്യു യാവത്
നിഃശ്രേയസായ വിഷയഃ ഖലു സർവ്വതഃ സ്യാത്      ഭാഗവതം 11-9-29

അനേക ജന്മങ്ങൾക്കുശേഷം ലഭിച്ചിരിക്കുന്ന ദുർല്ലഭമായ മനുഷ്യജന്മംകൊണ്ടു നേടേണ്ടത് ഞാൻ ആരാണ് എന്ന തിരിച്ചറിവാണ്. ശരീരം ഇരിക്കുമ്പോൾതന്നെ അതു നേടണം. ഏതു ജന്മത്തിലും അനുഭവിക്കാവുന്ന ഇന്ദ്രിയസുഖങ്ങൾക്കായി ഇപ്പോൾ കിട്ടിയ ശ്രേഷ്ഠമായ മനുഷ്യജന്മം നശിപ്പിക്കരുത് എന്ന അഭ്യർത്ഥനയും ഇതിനോടൊപ്പം ചേർത്തുവച്ചിട്ടുണ്ട്.

അനുഭവത്തിലൂടെ അറിഞ്ഞവർക്കുമാത്രമേ ഇതറിയിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് തന്നെയാണ് സനാതന ധർമ്മം ഗുരുവിന് ബ്രഹ്മസ്ഥാനം കല്പിച്ചിരിക്കുന്നത്. ആദ്ധ്യാത്മികശാസ്ത്ര പ്രബോധനം ജീവിതചര്യയായി സ്വീകരിച്ച് ഈശ്വരസേവ ചെയ്യുന്ന **ബ്രഹ്മശ്രീ കെ. ഹരിദാസ്ജി** എന്ന മഹാഗുരുവിന്റെ സങ്കല്പ സാക്ഷാത്കാരമാണ് 'ഹിൻസർ' എന്ന സംഘടന പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്. ഗുരുവായൂരിൽ 2026 മേയ് മാസം 23, 24 തീയതികളിലായി നടത്തുവാൻ ഉദ്ദേശിക്കുന്ന അന്താരാഷ്ട്ര നാരായണീയ സമ്മേളനവും ഭക്തജന സംഗമവും ഇതിന്റെ ഭാഗമാണ്.

യുഗധർമ്മങ്ങൾക്കനുസരിച്ച്, വന്നുചേരുന്ന പ്രതിബന്ധങ്ങളെ തരണംചെയ്യുവാനുള്ള ഒരേ ഒരു ഉപായം ഭഗവാന്റെ കൃപാകടാക്ഷം മാത്രമാണ്. അതിനുള്ള മാർഗ്ഗവും ഭഗവാൻ വ്യക്തമാക്കിയിട്ടുണ്ട്. തന്റെ സ്വധാമ ഗമന സമയത്ത് പ്രപഞ്ച രക്ഷയെക്കുറിച്ച് പരിതപിച്ച ഉദ്ധവർക്ക് ഭഗവാൻ കൊടുത്ത ഉറപ്പാണ് നമ്മുടേയും രക്ഷാകവചം. ഭഗവാന്റെ തേജസ്സിന്റെ അക്ഷരരൂപമായ ഭാഗവതത്തെ ശരണം പ്രാപിച്ചുകൊള്ളുവാനായിരുന്നു ഉദ്ധവരോട് ഭഗവാൻ നിർദ്ദേശിച്ചത്. യുഗധർമ്മത്തിന്റെ ഭാഗമായി ബുദ്ധിക്കുമന്ദത പ്രാപിച്ച പലർക്കും അത് സാദ്ധ്യമല്ലാതെ ഭവിച്ചു. അവിടെ വീണ്ടും പ്രജാരക്ഷകനായ ഭഗവാന്റെ കൃപതന്നെ അനുഗ്രഹമായി ഭവിച്ചു. ഭഗവത് നിർദ്ദേശമനുസരിച്ച് വ്യാസഭഗവാന്റെ പുനരവതാരമായി ജനിച്ച മേൽപ്പൂത്തൂർ നാരായണഭട്ടതിരി ഭാഗവതത്തിന്റെ സാരം ഒട്ടും ചോർന്നു പോകാതെ ഭാഗവതത്തെ 1034 ശ്ലോകങ്ങളിലായി സംഗ്രഹിച്ച് 'നാരായണീയം' എന്ന സ്തോത്രകാവ്യം ഭക്തർക്കായി സമർപ്പിച്ചു. നാരായണീയ ഉപാസനയിലൂടെ കലിയുഗദോഷങ്ങൾ തരണം ചെയ്യാൻ സാധിക്കും.

കെ. ഹരിദാസ്ജിയുടെ സങ്കല്പം പ്രാവർത്തികമാക്കിക്കൊണ്ട് ഹിൻസറിന്റെ ആചാര്യമാർ നാരായണീയം, ഭാഗവതം, ഭഗവദ്ഗീത, ഉപനിഷത്ത്, സംസ്കൃതം, രാമായണം തുടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങൾ പഠിപ്പിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്തുവരുന്നു. രാജ്യത്തിന്റെ പ്രധാന കേന്ദ്രങ്ങളിലും, കേരളത്തിൽ വിവിധ ജില്ലകളിലും ഇതിന്റെ ഭാഗമായി ഏകാഹ നാരായണീയ യജ്ഞങ്ങൾ, സത്സംഗങ്ങൾ, ഭാഗവതസത്രം, നാരായണീയ സത്രം എന്നിവ സംഘടിപ്പിച്ചുവരുന്നു.

മേൽപ്പറഞ്ഞ ശാസ്ത്ര ഗ്രന്ഥങ്ങളുടെ വിപുലമായ ഓൺലൈൻ പഠന സൗകര്യങ്ങളും ഹിൻസർ ഒരുക്കിയിട്ടുണ്ട്. യൂട്യൂബ് നാരായണീയം ടി.വി ചാനലിലൂടെയും, ഫേസ്ബുക്ക്, വാട്സാപ്പ്, ഇൻസ്റ്റാഗ്രാം തുടങ്ങിയ സമൂഹ മാധ്യമങ്ങളിലൂടെയും

പഠിതാക്കൾക്ക് തികച്ചും സൗജന്യമായി ശാസ്ത്രഗ്രന്ഥങ്ങൾ അഭ്യസിക്കാവുന്നതാണ്. ഓൺലൈൻ നാരായണീയ, ഭാഗവത പഠന ബാച്ചുകളിലേക്ക് അഡ്മിഷനുള്ള സൗകര്യം സമ്മേളന നഗരിയിൽ ഏർപ്പാട് ചെയ്തിട്ടുണ്ട്

രാജ്യത്തിനകത്തും, വിദേശരാജ്യങ്ങളിലുമുള്ള പഠിതാക്കളുടെയും, ആചാര്യമാരുടെയും ഒരു മഹാസംഗമമാണ് 2026 മേയ് മാസം 23, 24 തീയതികളിൽ ഗുരുവായൂരിൽ നടക്കുവാൻ പോകുന്നത്. സമ്മേളന പ്രതിനിധികളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. ഡൽഹി, മുംബൈ, പൂനെ, ഔറംഗാബാദ്, ജംഷഡ്പൂർ, റാഞ്ചി, ചെന്നൈ, കോയമ്പത്തൂർ, ബംഗ്ലൂരു തുടങ്ങിയ നഗരങ്ങളിലും കേരളത്തിലെ എല്ലാ ജില്ലകളിലും നേരിട്ടും, ഓൺലൈൻവഴിയും രജിസ്ട്രേഷൻ സൗകര്യം ഏർപ്പാട് ചെയ്തിട്ടുണ്ട്. ഹിൻസറിന്റെ ഈ ഉദ്യമത്തിൽ സജീവമായി പങ്കെടുത്ത് ഭഗവാന്റെ കൃപാകടാക്ഷങ്ങൾക്ക് പാത്രീഭൂതരാകുവാൻ എല്ലാ സജ്ജനങ്ങളോടും വിനയ പുരസ്സരം അഭ്യർത്ഥിക്കുന്നു.

ഹരിദാസ്ജി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നാരായണീയം സ്റ്റഡീസ് &
റിസർച്ച് സെന്റർ (ഹിൻസർ)ന് വേണ്ടി

**ബ്രഹ്മചാരിണി ദർശികാ ചൈതന്യ**
ഉപമുഖ്യാചാര്യ (ഹിൻസർ)

മുഖ്യരക്ഷാധികാരി
**ഊരൂട്ടുകാല വേലായുധൻ നായർ**

പ്രസിഡന്റ്
**വി. വിജയകുമാർ**

ഡയറക്ടർ
**പ്രൊഫ. റ്റി. പത്മകുമാരി**

ജനറൽ കൺവീനർ & ചീഫ് അഡ്മിൻ
**എസ്. സനൽകുമാർ**

ജോയിന്റ് ഡയറക്ടർ
**എൽ.ശശിധരൻ ഉണ്ണിത്താൻ**

ട്രഷറർ
**എൻ. അനിതകുമാർ**

---

# കാര്യപരിപാടികൾ
## 23.05.2026 ശനി

---

രാവിലെ 5.30 ന്
യജ്ഞവേദിയിൽ ദീപപ്രോജ്ജ്വലനം
**ബ്രഹ്മശ്രീ. കെ. ഹരിദാസ്ജി**

തുടർന്ന് പുരുഷസൂക്തം:
**ശ്രീ. എൽ. ശശിധരൻ ഉണ്ണിത്താൻ**

വിഷ്ണു സഹസ്രനാമ ജപം
**ശ്രീ. വി. വിജയകുമാർ**

നാരായണീയ വന്ദന ശ്ലോകങ്ങൾ
**ശ്രീമതി പി.എസ്. ഭുവനേശ്വരി**

6 മണി മുതൽ 7 വരെ
**നാരായണീയ പാരായണം**
**ദശകം 1 മുതൽ 10 വരെ**
*തിരുവനന്തപുരം ജില്ല*

7 മണി മുതൽ 8 വരെ
**ദശകം 11 മുതൽ 20 വരെ**
*കൊല്ലം, ആലപ്പുഴ ജില്ലകൾ*

8 മണി മുതൽ 9 വരെ
**ദശകം 21 മുതൽ 30 വരെ**
*പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകൾ*

9 മണി മുതൽ 10 വരെ
**ദശകം 31 മുതൽ 40 വരെ**
*കാനഡ, അമേരിക്ക, യൂറോപ്പ്, ആഫ്രിക്ക, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിലെ പഠിതാക്കൾ*

## 23.05.2026 ശനി

രാവിലെ 10 മണി മുതൽ 12 മണി വരെ
**ഉദ്ഘാടന സഭ**
ഉദ്ഘാടനം: നാരായണീയ ഹംസം
**ബ്രഹ്മശ്രീ. കെ. ഹരിദാസ്ജി**

ഉച്ചയ്ക്ക് 12 മണിമുതൽ
**ഗുരുപാദപൂജ, ഗുരുവന്ദനം, പ്രസാദവിതരണം**

ഉച്ചയ്ക്ക് 1 മണി മുതൽ 2 വരെ
**ഭജന** അവതരണം : ഹിൻസർ

2 മണി മുതൽ 3 വരെ
**ദശകം 41 മുതൽ 50 വരെ**
*എറണാകുളം, തൃശൂർ, പാലക്കാട്*

വൈകു. 3 മണി മുതൽ 4 വരെ
**ദശകം 51 മുതൽ 60 വരെ**
*ഗൾഫ് രാജ്യങ്ങളിലെ പഠിതാക്കൾ*

വൈകു. 4 മണി മുതൽ 5 വരെ
**ദശകം 61 മുതൽ 70 വരെ**
*മഹാരാഷ്ട്ര, ഗുജറാത്ത്, രാജസ്ഥാൻ, ഛത്തീസ്ഗഢ് പഠിതാക്കൾ*

വൈകു. 5 മണി മുതൽ 7 വരെ
**പഠിതാക്കളുടെ സംഗമവും പൊതുസമ്മേളനവും**

രാത്രി 7 മണി മുതൽ
**വിവിധ കലാപരിപാടികൾ**

**ഗോപികാനൃത്തം**
***ബിന്ദു കൃഷ്ണമംഗലം & പാർട്ടി***

**ഭരതനാട്യം**
***രഞ്ജിനി വിശ്വനാഥൻ, പൂനെ***

**തിരുവാതിരക്കളി**
***ശിവപൂർണ്ണ, പെരുന്നിനാകുളം എൻ.എസ്. എസ്. കരയോഗം ടീം, തൃപ്പൂണിത്തുറ***
***നൃത്തധ്വനി തിരുവാതിര ഗ്രൂപ്പ്, കാച്ചാണി, തിരുവനന്തപുരം***

**അഷ്ടപദിക്കച്ചേരി**
***ഡോ. എൻ.എസ്. ജയലക്ഷ്മി***

## 24.05.2026 ഞായർ

രാവിലെ 5.30 ന്
**ദീപപ്രോജ്ജ്വലനം**

പുരുഷസൂക്തം
**ശ്രീമതി ജെ. ശ്രീദേവി**

വിഷ്ണുസഹസ്രനാമജപം
**ശ്രീമതി. ഉഷാകിരൺ**

വന്ദനശ്ലോകങ്ങൾ
**ശ്രീമതി.പി.എൽ.ജയശ്രീ**

രാവിലെ 6 മണി മുതൽ 7 വരെ
**നാരായണീയ പാരായണം**
**ദശകം 71 മുതൽ 80 വരെ**
*മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകൾ*

രാവിലെ 7 മണി മുതൽ 8 വരെ
**ദശകം 81 മുതൽ 90 വരെ**
*കണ്ണൂർ, കാസർഗോഡ് ജില്ലകൾ*

രാവിലെ 8 മണി മുതൽ 9 വരെ
**ദശകം 91 മുതൽ 99 വരെ**
*കർണ്ണാടക, ആന്ധ്ര, ഡൽഹി പഠിതാക്കൾ*

രാവിലെ 9.00 മുതൽ 10.30 വരെ
**പ്രഭാഷണം**
**ശ്രീ. കൂനംപിള്ളി ശ്രീരാം നമ്പൂതിരി**

രാവിലെ 10.30 മണി മുതൽ 11.30 വരെ
**ദശകം 1 മുതൽ 10 വരെ**
തമിഴ്നാട്, തമിഴ് ഗ്രൂപ്പ് പഠിതാക്കൾ

രാവിലെ 11.30 മണി മുതൽ 1.00 വരെ
**തമിഴ്പ്രഭാഷണം**
**ബ്രഹ്മചാരിണി ദർശികാ ചൈതന്യ**

ഉച്ചയ്ക്ക് 1 മണി മുതൽ 2 മണി വരെ
**ഗുരുപാദപൂജ, ഗുരുവന്ദനം, പ്രസാദവിതരണം**

ഉച്ചയ്ക്ക് 2 മണി മുതൽ 3 വരെ
**പ്രഭാഷണം: പ്രൊഫ. റ്റി. പത്മകുമാരി**

വൈകു. 3 മണി മുതൽ 4 വരെ
**ചർച്ച**
ഹിൻസറിന്റെ പഠന/പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനെപ്പറ്റി പഠിതാക്കളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

വൈകു. 4 മണി മുതൽ 5 വരെ
**അനുഗ്രഹപ്രഭാഷണം**
**നാരായണീയഹംസം**
**ബ്രഹ്മശ്രീ. കെ. ഹരിദാസ്ജി**
**നൂറാം ദശകം പാരായണം, സമർപ്പണം, ആരതി**

ഓൺലൈൻ നാരായണീയ, ഭാഗവത പഠനത്തിന് താല്പര്യമുള്ള ഭക്തജനങ്ങൾ 9349494901 എന്ന വാട്സാപ്പ് നമ്പരിലേക്ക് സ്വയം പരിചയപ്പെടുത്തി ഒരു മെസേജ് അയച്ചുതരിക

D'sign: Dev@9961213370